**വിളപ്പിൽശാല പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

48 (1516) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിളപ്പിൽശാല പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

**പോലീസ് സേനയിലെ കോൺസ്റ്റബിൾമാരെ പിരിച്ചുവിട്ട നടപടി**

49 (1517) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിലെ എത്ര കോൺസ്റ്റബിൾമാരെ പിരിച്ചുവിട്ടു ; എത്രപേരെ സസ്പെന്റ് ചെയ്തു ;

(ബി) ഇതിൽ വനിതാ കോൺസ്റ്റബിൾമാർ എത്ര ; ഇവരെ ഓരോരുത്തരേയും പിരിച്ചുവിടാനുണ്ടായ കാരണം എന്താണ് ;

(സി) വ്യക്തികളുടെ മൗലികാവകാശങ്ങളെ നിഷേധിക്കുന്ന വിധത്തിൽ പോലീസ് സേനയിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത് ഭരണഘടനാ വിരുദ്ധമാകാൻ സാദ്ധ്യതയുണ്ടോ ; എങ്കിൽ അത്തരത്തിലുള്ള നടപടികൾ പുനഃപരിശോധിക്കുമോ ;

(ഡി) പോലീസ് സേനയിൽ തെറ്റായ നടപടികൾ ഉണ്ടായാൽ അത് ചോദ്യം ചെയ്യാനോ ചർച്ച ചെയ്യാനോ അനുവദിക്കില്ല എന്ന നിലപാട് കൂടുതൽ അച്ചടക്കരാഹിത്യവും അസ്വസ്ഥതകളുമുണ്ടാക്കുമെങ്കിൽ അത്തരം നടപടികൾ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 48 പോലീസ് കോൺസ്റ്റബിൾമാരെ പിരിച്ചുവിട്ടു. 814 പേരെ സസ്പെന്റ് ചെയ്തു. കൂടാതെ 5 റിക്രൂട്ട് ഹവിൽദാർ/പി.സി.മാരേയും പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ഇതിൽ ഒരു വനിതാ കോൺസ്റ്റബിളിനെ പിരിച്ചുവിടുകയും 2 വനിതാ പി.സി.മാരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 33-ാമത് പോലീസ് കായികമേളയിൽ പങ്കെടുക്കുന്നതിനിടയിൽ 24-3-2002 തീയതി താൻ മേലധികാരികൾക്ക് തലേന്ന് നൽകിയ അപേക്ഷയിന്മേൽ നടപടി

LIBRARY ARCHIVES Kerala Legislative Assembly